# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 814

11/03/2015-ൽ മറുപടിക്ക്

## മരുന്ന് വില നിയന്ത്രണം

ചോദ്യം

**ശ്രീ. സി. ദിവാകരൻ**

മരുന്നുവില നിയന്ത്രണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇതിലൂടെ നേട്ടം കൈവരിക്കാൻ കഴിയുമോയെന്ന പരിശോധിച്ചിട്ടുണ്ടോ?

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിനു കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയ്ക്കാണ് (NPPA) മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് യാതൊരുവിധ അധികാരവും നിലവിലില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്ന വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചെയ്തുവരുന്നത്. നിലവിലുണ്ടായിരുന്ന ഔഷധ നയമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 1995 പ്രകാരം 76 ഇനം മരുന്നുകളും അവ ചേരുവയായിട്ടുള്ള വിവിധ കോമ്പിനേഷനുകളും മാത്രമാണ് 2011 വരെ കേന്ദ്രസർക്കാർ ജീവൻരക്ഷാ മരുന്നുകളായി കണക്കാക്കി നിർമ്മാണ ചെലവ് അധിഷ്ഠിത വില നിർണ്ണയ രീതിയിൽ (Cost based) വില നിശ്ചയിച്ചുറപ്പിച്ചിരുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഔഷധങ്ങൾക്കെല്ലാം തന്നെ നിർമ്മാതാക്കൾക്ക് വില നിശ്ചയിച്ച് വിപണിയിൽ ഇറക്കാൻ സ്വാതന്ത്ര്യം ഉള്ളതിനാൽ പല നിർമ്മാതാക്കളും നിർമ്മിക്കുന്ന ഒരേ മരുന്നിന് ഗണ്യമായ വിലവ്യത്യാസം കണ്ടുവന്നിരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്.. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായും രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിനായും നാഷണൽ ലിസ്റ്റ്

ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽ (NLEM) ഭേദഗതി ചെയ്ത് 348 ഇനം ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടുത്തി പുതിയ ഔഷധ നയം ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 പ്രകാരം വിപണി അധിഷ്ഠിത വില നിർണ്ണയ രീതി (Market based) അനുസരിച്ച് പ്രസ്തുത മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുവാൻ തീരുമാനിക്കുകയും ഇതിൽ 85% മരുന്നുകളുടെയും (298 എണ്ണം) വില നിയന്ത്രണം പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. ബാക്കി 50 എണ്ണം മരുന്നുകളുടെ വില ഉടനടി നിശ്ചയിച്ചുറപ്പിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ (NPPA) സ്വീകരിച്ച് വരുന്നതായി അറിയുന്നു.

സെക്ഷൻ ഓഫീസർ